# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.126/2024 തിരുവനന്തപുരം, തീയതി: 06/06/2024

## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 10.06.2024 വരെ ദീർഘിപ്പിച്ചിരിക്കുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.ടി. കോളേജുകളിലെ 2024-25 അധ്യയന വർഷത്തിലേക്കുള്ള നാല് വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 2024 ജൂൺ 10 വരെ ദീർഘിപ്പിച്ചിരിക്കുന്നു. ട്രയൽ അലോട്ട്മെന്റ് അഡ്മിഷൻ വെബ്സൈറ്റിൽ 2024 ജൂൺ 11 ന് പ്രസിദ്ധീകരിക്കും. പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിന് ശേഷം ഓപ്ഷനുകൾ ചേർക്കുന്നതിനും പുനർക്രമീകരിക്കുന്നതിനും 2024 ജൂൺ 12 വരെ വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്. പ്രൊഫൈലിൽ മാറ്റങ്ങൾ വരുത്തുന്നവർ ആയതിന്റെ പുതിയ പ്രിന്റ് ഔട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. പുതുക്കിയ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് (https://admissions.keralauniversity.ac.in ) സന്ദർശിക്കുക.

### കേരള സർവകശാലയുടെ കാര്യവട്ടം ക്യാമ്പസിലെ പഠന വകുപ്പുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ജൂൺ 10 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

കേരള സർവകശാലയുടെ കാര്യവട്ടം ക്യാമ്പസിലെ പഠന വകുപ്പുകളിലെ നാലുവർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ജൂൺ 10 വരെ ദീർഘിപ്പിച്ചിരിക്കുന്നു.അപേക്ഷ സമർപ്പിച്ച വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് ജൂൺ 12 ന് അഡ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷകർക്ക് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. അഡ്മിഷൻ ലഭിക്കുന്ന വിദ്യാർഥികൾക്കും വെയ്റ്റിങ് ലിസ്റ്റിൽ ഉള്ള വിദ്യാർഥികൾക്കും മെമ്മോ ജൂൺ 14 ന് അതാത് വിദ്യാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാകുന്നതാണ്. ടി മെമ്മോ ലഭിക്കുന്ന

വിദ്യാർത്ഥികൾ/അവരുടെ പ്രതിനിധികൾ, ആദ്യഘട്ടത്തിലേക്കുള്ള അഡ്മിഷനായി ജൂൺ 18 ന് (ഓപ്പൺ മെറിറ്റ് )/ജൂൺ 19 ന് (റിസർവേഷൻ കാറ്റഗറി ) ടി മെമ്മോയുടെ പ്രിന്റ് ഔട്ടുമായി സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസ്സിൽ ഹാജരാകേണ്ടതാണ്

## പരീക്ഷാഫലം

കേരളസർവകലാശാല 2023 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എഡ്. (2022 സ്കീം – റെഗുലർ, 2018 സ്കീം – സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2024 ജൂൺ 20 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. ഇസ്ലാമിക് ഹിസ്റ്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന 2024 ജൂൺ 15 ന് മുൻപ് ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2024 ജനുവരിയിൽ വിജ്ഞാപനം ചെയ്ത ഒന്നാം സെമസ്റ്റർ ബി.വോക്ക്. ട്രാവൽ ആന്റ് ടൂറിസം (357) പരീക്ഷയുടെ പ്രാക്ടിക്കൽ 2024 ജൂൺ 13, 14 തീയതികളിൽ അതാത് കോളേജുകളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2024 ജൂണിൽ നടത്തുന്ന പാർട്ട് ഒന്ന്, രണ്ട് ബി.എ./ബി.എ. അഫ്സൽ–ഉൽ–ഉലാമ (സാഹിത്യാചാര്യ/രാഷ്ട്രഭാഷ പ്രവീൺ പാസ്സായ വിദ്യാർത്ഥികൾ ഉൾപ്പെടെ)/ബി.കോം./ബി.പി.എ./ബി.എസ്സി. (ആന്വൽ/വിദൂരവിദ്യാഭ്യാസം) റെഗുലർ/ സപ്ലിമെന്ററി/മേഴ്സിചാൻസ് പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലൊയോള കോളേജിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. 2024 ജൂൺ 20 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ് ടു, ഇപ്പോൾ സർക്കാർ സർവ്വീസിലുള്ളവർക്ക് എസ്.എസ്.എൽ.സി. യോഗ്യത മതിയാകും. അപേക്ഷ ഫോമിന്റെ വില : Rs. 100/-, ശ്രീകാര്യത്തുള്ള ലൊയോള കോളേജ് ഓഫീസിൽ നിന്നും അപേക്ഷ ഫോം ലഭിക്കുന്നതാണ്. തപാലിൽ ലഭിക്കേണ്ടവർക്ക് പ്രിൻസിപ്പാളിന്റെ പേരിലെടുത്ത 100/- രൂപയുടെ ഡി.ഡി. യും സ്വന്തം മേൽവിലാസമെഴുതി 5/- രൂപയുടെ സ്റ്റാമ്പൊട്ടിച്ച കവറും സഹിതം പ്രിൻസിപ്പാൾ, ലൊയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ശ്രീകാര്യം പി.ഒ., തിരുവനന്തപുരം 695 017 എന്ന വിലാസത്തിൽ അപേക്ഷിക്കുക. ഫോൺ : 0471-2592059, 2591018.

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്, യോഗ ആന്റ് മെഡിറ്റേഷൻ എന്നീ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ നടത്തുന്ന ആറ് മാസക്കാലയളവുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (CLISc), മൂന്ന് മാസക്കാലയളവുള്ള യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സുകളിലേക്ക് 2024 ജൂൺ 30 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ് ടു, പ്രായപരിധിയില്ല, ആപ്ലിക്കേഷൻ ഫോം ക്രിസ്ത്യൻ കോളേജ് ലൈബ്രറിയിൽ നിന്ന് ലഭിക്കുന്നതാണ്. ജൂലൈയിൽ ആരംഭിക്കുന്ന ക്ലാസ്സുകളിലേക്ക് താൽപ്പര്യമുള്ള വിദ്യാർത്ഥികൾ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**